I ഇ.ബി. XIII-കേരള നിയമസഭ/XIV-14

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 21, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് അടിയന്തര പ്രമേയാവതരണത്തിന് പ്രതിപക്ഷം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയം 02-07-2015, 07-07-2015 എന്നീ ദിവസങ്ങളിൽ ചർച്ച ചെയ്തിരുന്നതാണ്. നിയമസഭയുടെ കീഴ്‌വഴക്കവും ചട്ടങ്ങളും അനുസരിച്ച് ഒരേ വിഷയം ഒരേ സമ്മേളനത്തിൽ വീണ്ടും അടിയന്തരപ്രമേയമായി ചർച്ച ചെയ്യാൻ പാടില്ലാത്തതാണ്. പ്രസ്തുത വിഷയം സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

## ശ്രദ്ധക്ഷണിക്കൽ

### (1) കർഷകരുടെ ഭൂമിക്ക് നികുതി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട് ജില്ലയിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാനും പട്ടയ പ്രശ്നം പരിഹരിക്കാനും നടപടി സ്വീകരിക്കണം. 19-06-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് 2000-മാണ്ട് വരെ കരം ഒടുക്കുന്നതും പിന്നീട് കരം സ്വീകരിക്കേണ്ടതുമായ കൈവശക്കാർക്ക് ഭൂമിയുടെ കരം സ്വീകരിക്കാൻ അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല. ലാന്റ് റിസംപ്ഷൻ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിൽനിന്നും അമ്പത് വർഷങ്ങൾക്കുമുമ്പ് ഭൂമി വാങ്ങിയെന്നതിന്റെ പേരിൽ വൈത്തിരി താലൂക്കിലെ പല വില്ലേജുകളിലേയും ആയിരക്കണക്കിന് കർഷകരിൽനിന്നും നികുതി സ്വീകരിക്കുന്നത് നിറുത്തിവച്ചിരിക്കുകയാണ്. ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഉള്ളവരുടെ കയ്യിൽനിന്നും നികുതി വാങ്ങാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശിച്ചുകൊണ്ട് വൈത്തിരി, ബത്തേരി, മാനന്തവാടി തഹസീൽദാർമാർക്ക് ജില്ലാ കളക്ടർ കത്തയച്ചുവെങ്കിലും നികുതി സ്വീകരിക്കുകയുണ്ടായില്ല. നികുതി സ്വീകരിക്കുന്നത് നിറുത്തിവച്ചതിലൂടെ

കർഷകർക്ക് പഞ്ചായത്തിൽനിന്നുള്ള ആനുകൂല്യങ്ങളും മക്കൾക്കുള്ള വിദ്യാഭ്യാസ വായ്പ, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവയൊന്നും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ചെറുകിട കർഷകരിൽനിന്നും ഭൂനികുതി സ്വീകരിച്ച് അവരുടെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനും ദുരിതക്കയത്തിൽനിന്നും രക്ഷപ്പെടുത്താനും വനം, റവന്യൂ വകുപ്പുകളുടെ നേതൃത്വത്തിലുള്ള ജോയിന്റ് സർവ്വേ പൂർത്തിയാക്കി സമയബന്ധിതമായി കൈവശഭൂമി നൽകാനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി നിയമിച്ച സ്പെഷ്യൽ ഓഫീസർ ആന്റ് കളക്ടറുടെ നിർദ്ദേശപ്രകാരമാണ് പ്രസ്തുത കമ്പനി ചെറുകിട കർഷകർക്ക് വിറ്റ ഭൂമിയിലെ കരം സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചത്. അക്കാരണത്താൽ ചെറുകിട കർഷകർ പ്രതിസന്ധിയിലായ സാഹചര്യത്തിൽ പ്രസ്തുത കമ്പനി സർക്കാരുമായി ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളെ ബാധിക്കാത്ത തരത്തിൽ താൽക്കാലികമായി കരം സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. വയനാട് ജില്ലയിൽ മാത്രം ടി കമ്പനി മുപ്പതിനായിരം ഏക്കറിൽ അധികം ഭൂമി കൈവശം വച്ചിരുന്നതായി ഹാരിസൺസ് മലയാളം ലിമിറ്റഡ് ഹാജരാക്കിയ രേഖകളിൽ കാണുന്നുണ്ട്. രണ്ട് ഏക്കർ വരെ ഭൂമിയുള്ള കർഷകർക്ക് കേസുകളെ ബാധിക്കാത്ത

തരത്തിൽ തുടർന്നും താൽക്കാലികമായി ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകാമെന്ന് സ്പെഷ്യൽ ഓഫീസർ ശിപാർശ നൽകിയിട്ടുണ്ട്. ഹൈക്കോടതി കേസിലെ ഇടക്കാല വിധി പ്രകാരം ചെറുകിട കർഷകരിൽനിന്നും നികുതി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ നയപരമായ കാര്യമാണെന്നും അവരുടെ കരം സ്വീകരിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണെന്നും നിയമോപദേശം ലഭിച്ചിട്ടുണ്ട്. കൂടാതെ വൈത്തിരി താലൂക്കിൽ റീസർവ്വേ രേഖകളിൽ 'നിക്ഷിപ്ത വനഭൂമി' എന്ന് രേഖപ്പെടുത്തിയ കാരണത്താൽ കോട്ടപ്പടി, മൂപ്പൈനാട് തുടങ്ങിയ പ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കൈവശക്കാരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നില്ല. വനം, റവന്യൂ, സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി രേഖകളിൽ മാറ്റം വരുത്തി കർഷകരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) <u>ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നം</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: ഇടുക്കി ജില്ലയിൽ ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിനും കൈവശ സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടികൾ സ്വീകരിക്കണം. രാജാവിന്റെ കാലത്ത് കിട്ടിയിട്ടുള്ള പട്ടയങ്ങളടക്കം തിരിച്ചുപിടിക്കുകയും കരം സ്വീകരിക്കാതിരിക്കുകയും

ചെയ്യുകയാണ്. ഇടുക്കിയിൽ 13,870 പട്ടയം കൊടുത്തതിൽ ദേവികുളത്ത് മൂന്ന് പട്ടയങ്ങൾ മാത്രമാണ് നൽകിയിട്ടുള്ളത്. കേരളീയരായ തമിഴ് വംശജർക്ക് പ്രയാസങ്ങൾ ഉണ്ടാക്കുന്ന നിലയിലുള്ള സമീപനം സ്വീകരിക്കുന്നത് ഒഴിവാക്കണം. അസൈൻമെന്റ് കമ്മിറ്റിയേയും പ്രദേശവാസികളെയും വിശ്വാസത്തിലെടുത്തുകൊണ്ട് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്ന സർക്കാർ നടപടികളുടെ ഭാഗമായി 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള ഭൂമി പതിവ് നടപടികൾ താത്കാലികമായി നിർത്തിവച്ചിട്ടുള്ളതാണ്. കൃഷിക്കും താമസത്തിനും ഭൂമി കൈവശം വച്ചുവരുന്ന സാധാരണക്കാർക്ക് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവികുളം താലൂക്കിലെ പട്ടയ നടപടികൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി താലൂക്ക് ഭൂമി പതിവ് കമ്മിറ്റി യോഗം വിളിച്ചുചേർക്കുകയും ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളുടെ ഭൂമി പതിവിനുള്ള അർഹത കണക്കിലെടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുമുണ്ട്. സർക്കാർ നിയോഗിച്ച പ്രത്യേക ദൗത്യസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച കൈയേറ്റം ഒഴിപ്പിക്കൽ നടപടികളുടെ ഭാഗമായി നിർത്തിവച്ച പട്ടയ വിതരണ നടപടികൾ

പുനരാരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് ആവശ്യമാണെന്ന് ജില്ലാ റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. ഒഴികെയുള്ള വില്ലേജുകളിൽ ഭൂമി പതിവ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന കുടുംബങ്ങൾക്ക് കൈവശ രേഖ നൽകിവരുന്നതാണ്. കെ.ഡി.എച്ച് വില്ലേജിൽ കൈവശ രേഖ നൽകുന്നതിന് സർക്കാർ സ്പഷ്ടീകരണം ആവശ്യമാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും അർഹരായ ആളുകളെ തെരഞ്ഞെടുക്കുന്നതിനും അസൈൻമെന്റ് കമ്മിറ്റി യോഗം ചേർന്ന് ആവശ്യമായ നടപടി സ്വീകരിക്കും.

## സബ്മിഷൻ

### (1) മലപ്പുറം ജില്ലയിലെ എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന മലപ്പുറം കൊണ്ടോട്ടി ഉപവിദ്യാഭ്യാസ ജില്ലയിലെ ഒളവട്ടൂർ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ അടിയന്തരമായി ഏറ്റെടുക്കുന്നതിനും കെ. ഇ. ആർ. വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

(ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയും നോട്ടീസ് നൽകിയിട്ടുണ്ട്)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): മലപ്പുറം കൊണ്ടോട്ടി

ഉപവിദ്യാഭ്യാസ ജില്ലയിലെ ഒളവട്ടൂർ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ ആദായകരമല്ലാത്തതിനാൽ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ നൽകിയ നോട്ടീസിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുമതി നിഷേധിച്ചതിനെ തുടർന്ന് സ്കൂൾ അധികൃതർ ഹൈക്കോടതിയിൽ നിന്ന് സമ്പാദിച്ച അനുകൂല വിധിക്കെതിര സർക്കാർ കൊടുത്ത അപ്പീൽ തള്ളുകയാണുണ്ടായത്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു കിലോമീറ്ററിനുള്ളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. പ്രസ്തുത സ്കൂളിന് ഒന്നര കിലോമീറ്റർ ചുറ്റളവിൽ മറ്റ് സ്കൂളുകൾ ഇല്ലാത്തതിനാലും നിലവിലുള്ള സ്കൂൾ മാനേജർക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരി അംഗീകാരം നൽകിയിട്ടില്ലാത്തതിനാലും ചട്ടപ്രകാരം സ്കൂൾ അടച്ചുപൂട്ടുന്നതിന് അപേക്ഷ സമർപ്പിക്കാൻ അധികാരം ഇല്ല. മേൽ സാഹചര്യത്തിൽ സ്കൂൾ അടച്ചുപൂട്ടണമെന്ന ആവശ്യം സർക്കാർ നിരസിച്ചിട്ടുണ്ട്. സ്കൂൾ അടച്ചുപൂട്ടണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ഹൈക്കോടതി വിധി സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിവ്യൂ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. കേസ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## (2) പാഠപുസ്തക വിതരണം

ശ്രീ. ആർ. രാജേഷ്: ജൂലൈ 20-നകം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയാക്കുമെന്ന് ഹൈക്കോടതിക്കും നിയമസഭയ്ക്കും നൽകിയ ഉറപ്പ് പാലിക്കുന്നതിനും അടിയന്തരമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് യാതൊരലംഭാവവും കാണിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം പാഠപുസ്തക അച്ചടി പൂർത്തീകരിക്കുന്ന നടപടിയുമായി മുന്നോട്ടുപോവുകയാണ്. സർക്കാർ എയിഡഡ് സ്കൂളുകൾക്കുള്ള പാഠപുസ്തക വിതരണം ഉടൻ തന്നെ പൂർത്തീകരിക്കുന്നതാണ്. ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തക അച്ചടി പൂർത്തീകരിക്കുകയും നവംബർ മാസത്തിൽ വിതരണം ചെയ്യാനുള്ള രണ്ടാംഘട്ട പാഠപുസ്തകങ്ങളുടെ അച്ചടി ആരംഭിക്കുകയും ചെയ്തു. ഹബ്ബിൽ നിന്നും ഗവൺമെന്റ് -എയിഡഡ് സ്കൂളുകളിലെ സൊസൈറ്റികളിലേയ്ക്ക് പാഠപുസ്തകമെത്തുന്ന നടപടി പൂർത്തീകരിച്ചു. അൺ-എയിഡഡ് സ്കൂളുകൾ ഹബ്ബുകളിൽ നിന്ന് നേരിട്ട് എടുക്കേണ്ട പുസ്തകങ്ങൾ മാത്രമാണ് ഇപ്പോൾ ബാക്കിയുള്ളത്. എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണം

നൽകുന്നതിനായി ഇത്തവണ മൂന്നു മാസത്തെ പണം മുൻകൂറായി നൽകുകയും എയിഡഡ് സ്കൂളുകളിലെ കുട്ടികൾക്കുള്ള യൂണിഫോം വിതരണം പൂർത്തീകരിക്കുകയും ചെയ്തു. അദ്ധ്യാപക പഠന സഹായി 28-ാം തീയതിയോടുകൂടി പ്രിന്റിംഗ് പൂർത്തീകരിച്ച് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. തമിഴ് പാഠപുസ്തകങ്ങൾ അച്ചടിയുമായി ബന്ധപ്പെട്ട കാര്യത്തിൽ തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ തിരുത്തുന്നതാണ്.

## (3) അദ്ധ്യാപക നിയമനം

ശ്രീ. വി. എസ്. സുനിൽ കുമാർ: സംസ്ഥാനത്തെ സർക്കാർ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന അദ്ധ്യാപക/ അനദ്ധ്യാപക നിയമനങ്ങളിൽ എസ്.സി./എസ്.ടി. സംവരണം അട്ടിമറിക്കപ്പെടുന്നതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും അർഹമായ സംവരണം ഉറപ്പുവരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എസ്.സി./എസ്.ടി വിഭാഗക്കാരുടെ സംവരണ കാര്യത്തിൽ എന്തെങ്കിലും പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ തിരുത്തുന്നതാണ്. സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളെ ഒരു യൂണിറ്റായി കണക്കിലെടുത്ത് സംവരണ തത്വം പാലിക്കുന്നതിന് സർവ്വകലാശാലാ നിയമത്തിൽ ഭേദഗതി വരുത്തിക്കഴിഞ്ഞു. വീണ്ടും ഇക്കാര്യത്തിൽ നിയമോപദേശം

തേടുന്നതായിരിക്കും.

## (4) കർഷകർക്ക് പട്ടയം

ശ്രീ. പി. സി. ജോർജ്: പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ പ്രദേശത്തുള്ള കർഷകർക്ക് പട്ടയവും റബ്ബർ വില പാക്കേജും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിയമപരമായ തടസ്സം നീങ്ങിയിട്ടുള്ളതിനാൽ പമ്പാവാലി പ്രദേശത്തെ കർഷകർക്ക് ഉടൻതന്നെ പട്ടയം വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റിൽ റബ്ബർ കർഷകർക്കായി പ്രഖ്യാപിച്ച 300 കോടി രൂപയുടെ പ്രയോജനം സാങ്കേതിക കാരണങ്ങളാൽ കിട്ടാതെ പോകുന്നവർക്കുകൂടി ലഭ്യമാക്കുന്നതിന് റബ്ബർ ബോർഡുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (5) ദളിത് ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് ആനുകൂല്യം

ശ്രീ. കെ. സുരേഷ് കുറുപ്പ്: ദളിത് ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിനും പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതി ദളിത് ക്രൈസ്തവർക്ക് ബാധകമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ദളിത് ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് നൽകേണ്ടിയിരുന്ന ലംപ്സം ഗ്രാന്റിന്റെ കുടിശ്ശിക റിലീസ് ചെയ്യുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ ലംപ്സം ഗ്രാന്റ് യഥാസമയം നൽകുന്നതാണ്. ലംപ്സം ഗ്രാന്റും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളും തുല്യമാക്കുകയോ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ഇവർക്കുംകൂടി ബാധകമാക്കുകയോ ചെയ്യുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ദളിത് ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും ബാധകമാക്കുന്നതിനെക്കുറിച്ച് പരിശോധിച്ച് തീരുമാനമുണ്ടാക്കുന്നതാണ്.

## (6) കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ഭേദഗതി

ശ്രീ. പുരുഷൻ കടലുണ്ടി: കേരളാ ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയതുമൂലം നഷ്ടപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുള്ള ശാരീരിക യോഗ്യതാ ഇളവ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2010-ലെ വിജ്ഞാപന പ്രകാരം കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 4 അനുസരിച്ച് റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തുന്നതിന് നിശ്ചയിച്ചിരുന്ന ശാരീരിക യോഗ്യതയിൽ ചില ഭേദഗതികൾ വരുത്തി 2014-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2010-ന് മുമ്പ് ഉയരത്തിന്റെയും നെഞ്ചളവിന്റെയും

ഉയർന്ന പ്രായപരിധിയുടെ കാര്യത്തിലുമുണ്ടായിരുന്ന മാനദണ്ഡങ്ങളാണ് 2014-ലെ ഭേദഗതികളിലൂടെ കൊണ്ടുവന്നത്. 2010-ന് മുമ്പുണ്ടായിരുന്ന ചട്ടങ്ങൾ പ്രകാരം ഉയരത്തിന്റെയും നെഞ്ചളവിന്റെയും കാര്യത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് നൽകിയിരുന്ന ഇളവ് 2014-ലെ ഭേദഗതിയിൽ വിട്ടുപോയിട്ടുള്ളത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (7) കുട്ടനാട്-എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ ബസ് സർവ്വീസ്

ശ്രീ. തോമസ് ചാണ്ടി: കുട്ടനാട് നിയോജകമണ്ഡലത്തിലെ എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് മൂന്ന് ബസ്സുകൾ അനുവദിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഇല്ലാത്ത റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിലുള്ള അപാകത പരിഹരിക്കുന്നതിന് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

## (8) കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

ശ്രീ. സി. കെ. സദാശിവൻ: കായംകുളം കെ.എസ്.ആർ.ടി.സി. ബസ്

സ്റ്റേഷനിൽ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനും റദ്ദാക്കിയ ഷെഡ്യൂളുകൾ പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഷെഡ്യൂളുകളെ സംബന്ധിച്ച പരാതി പരിഹരിക്കുന്നതിന് നടപടിയെടുക്കുന്നതാണ്. ബസ് ടെർമിനൽ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (9) ആരാധനാലയങ്ങൾ നിർമ്മിക്കുവാൻ അനുമതി

ശ്രീ. എ. റ്റി. ജോർജ്: സംസ്ഥാനത്ത് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ തടസ്സവാദങ്ങൾ ഒഴിവാക്കി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പുതിയതായി ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്. ഭൂമിയിന്മേലുള്ള അവകാശം, പരിസരവാസികളുടെ സമ്മതം, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവയിന്മേൽ റവന്യൂ വകുപ്പിന്റെയും ജില്ലാ പോലീസ്

മേധാവിയുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നത്. ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് മറ്റ് കർശന നിയന്ത്രണങ്ങളൊന്നും നിലവിലില്ല. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ആരാധനാലയങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പലയിടത്തും തർക്കങ്ങളുള്ളതിനാൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നത്. പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരാധനാലയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ചകളിലൂടെ പരിഹരിക്കുന്നതാണ്.

## (10) കാൽനടയാത്രക്കാരുടെ സുരക്ഷ

ശ്രീ. ലൂഡി ലൂയിസ്: കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്ന വിധത്തിൽ റോഡ് വികസന പ്രവർത്തനങ്ങളും ഗതാഗത പരിഷ്കാരങ്ങളും ഫുട്പാത്ത് നവീകരണവും നടത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കാൽനടക്കാരുടെ സുരക്ഷയ്ക്ക് പ്രധാന പരിഗണന നൽകിക്കൊണ്ടാണ് സംസ്ഥാനത്ത് റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രധാനറോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി നടപ്പാതകൾ,

സിഗ്നലുകൾ, പെഡസ്ട്രിയൻ ക്രോസിംഗ്, ഹമ്പുകൾ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനും റോഡ് കയ്യേറ്റങ്ങൾ, ഫുട്പാത്ത് കയ്യേറിയുള്ള കച്ചവടങ്ങൾ എന്നിവ ഒഴിപ്പിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കേന്ദ്രഗതാഗത മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (11) നീലേശ്വരം-പള്ളിക്കര റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ): കാസർഗോഡ് ജില്ലയിലെ നീലേശ്വരം-പള്ളിക്കര റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): നീലേശ്വരം-പള്ളിക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള അലൈൻമെന്റ് പ്ലാനിന് അംഗീകാരം ലഭിക്കുകയും സ്ഥലമേറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി കേന്ദ്ര ഉപരിതല മന്ത്രാലയത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

### (1) 20-05-2015-ലെ ജി.ഒ.(പി) നം. 42/2015/പി.ഡബ്ല്യു.ഡി. (എസ്.ആർ.ഒ. നം.346/2015) ഉത്തരവിന് നൽകിയ ഭേദഗതി

ശ്രീ. മാത്യു റ്റി. തോമസ്: 2015 മേയ് 20-ാം തീയതിയിലെ ജി.ഒ.(പി) നം. 42/2015/പി.ഡബ്ല്യു.ഡി. (എസ്.ആർ.ഒ. നം.346/2015) മുഖേന പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന് ഭേദഗതി അവതരിപ്പിക്കുന്നു. പേരന്റ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രണ്ടര വർഷത്തിനുശേഷം പുറപ്പെടുവിച്ച വിജ്ഞാപനത്തിന് സേവനാവകാശ നിയമത്തിന്റെ പരിരക്ഷ ലഭിക്കാൻ പാടില്ല. ഒറിജിനൽ ആക്ടിൽ ഭേദഗതി വരുത്തുകയോ എസ്.ആർ.ഒ. റദ്ദ് ചെയ്യുകയോ ചെയ്യണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): 2012 നവംബർ 1-ന് പ്രാബല്യത്തിൽ വന്ന സേവനാവകാശ നിയമപ്രകാരം കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വ്യക്തമാക്കിക്കൊണ്ട് 20-05-2015-ന് പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച

നിയമത്തിന്റെ മൂന്നാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനങ്ങൾ ആക്ട് പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിനകം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും അതിനുശേഷം പുറപ്പെടുവിക്കുന്നവ അസാധുവാകുമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. സേവനാവകാശ നിയമപ്രകാരമുള്ള റൂൾസ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പാണ് പുറപ്പെടുവിച്ചിട്ടുള്ളത്. റൂൾ (6) പ്രകാരമുള്ള വിവരങ്ങൾ കേരള റോഡ് ഫണ്ട് ബോർഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് പുറത്തിറക്കിയ വിജ്ഞാപനം റദ്ദാക്കേണ്ട ആവശ്യമില്ല. ഭേദഗതി അംഗീകരിക്കുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## (2) 2014-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) പദ്ധതിക്ക് നൽകിയ ഭേദഗതി

ശ്രീ. കെ. ശിവദാസൻ നായർ: 2014 നവംബർ 5-ാം തീയതിയിലെ സ.ഉ (എം.എസ്) നം. 05/2014/നോർക്ക (എസ്.ആർ.ഒ.നം.688/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) പദ്ധതിക്ക് ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലെ വ്യവസ്ഥ പ്രകാരം പ്രവാസി ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്ന മെമ്പർമാർക്ക് ലഭിക്കുന്ന ഫസ്റ്റ് ക്ലാസ് വിമാന യാത്രാ നിരക്കിൽ മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഭേദഗതി അംഗീകരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

ഖണ്ഡിക 2 (1)(ii)-ൽ

" യഥാർത്ഥ വിമാന യാത്രാ ടിക്കറ്റ് നിരക്കോ" എന്നീ വാക്കുകൾക്ക് പകരം "യഥാർത്ഥ ഇക്കോണമി ക്ലാസ് വിമാന യാത്രാ ടിക്കറ്റ് നിരക്കോ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ചട്ടം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## ക്രമപ്രശ്നം

### ചട്ടം പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: ജൂലൈ 19-ാം തീയതി ലാപ്സായ ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ള ബിൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലായതിനാൽ നിയമവിരുദ്ധമായി ജൂലൈ 16-ന് കൊണ്ടുവന്നിരിക്കുന്ന ചട്ടം പിൻവലിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഗവർണ്ണർ പുറപ്പെടുവിച്ച ഓർഡിനൻസിന് നിയമസഭ പാസ്സാക്കിയ ഒരു ആക്ടിനുള്ള പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്. ഇന്റർപ്രട്ടേഷൻ ആന്റ് ജനറൽ ക്ലാസസ് ആക്ടിന്റെ വകുപ്പ് 2(3) അനുസരിച്ച് ആക്ട് എന്ന നിർവ്വചനത്തിൽ ഓർഡിനൻസും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത ഓർഡിനൻസ് പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാരിനുള്ളതിനാൽ ചട്ടങ്ങൾ നിയമ സാധുതയുള്ളതാണ്. ഭരണഘടനയുടെ 213(2)( a) അനുച്ഛേദമനുസരിച്ച് പാസ്സാക്കുന്ന ഓരോ ഓർഡിനൻസിനും നിയമനിർമ്മാണ സഭയുടെ പുന:സമ്മേളനം മുതൽ ആറാഴ്ച അവസാനിക്കുമ്പോൾ പ്രാബല്യം ഇല്ലാതാകുന്നു. നിയമസഭാ സമ്മേളന കാലത്ത് ഓർഡിനൻസ് പുനർവിളമ്പരം ചെയ്യാൻ സാധ്യമല്ലാത്തതിനാൽ ആക്ട് പ്രാബല്യത്തിൽ വരുന്നതുവരെ എടുത്ത കാര്യങ്ങൾക്കോ ചെയ്ത നടപടികൾക്കോ പ്രാബല്യം നൽകുന്നതിനായി ബില്ലിലെ 19-ാം ഖണ്ഡത്തിനു പകരമായി ഒരു സാധൂകരണ വ്യവസ്ഥ ഉൾപ്പെടുത്തി ആക്ട് പാസ്സാക്കാവുന്നതാണ്. നിയമ വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്തതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2015 ജനുവരി 9-ാം തീയതി പുറപ്പെടുവിച്ച കേരള ദേവസ്വം

റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസിന് നിയമസഭാ സമ്മേളനം ആരംഭിച്ച ജൂൺ 8 മുതൽ ആറ് ആഴ്ചത്തേയ്ക്ക് പ്രാബല്യമുണ്ട്. ഓർഡിനൻസിന് പ്രാബല്യം നൽകിയിരിക്കുന്നത് 2014 മാർച്ച് 1 മുതലാണ്. ഇന്റർപ്രട്ടേഷൻ ആൻറ് ജനറൽ ക്ലാസസ് ആക്ട് 2(3) വകുപ്പനുസരിച്ച് ആക്ട് എന്ന നിർവ്വചനത്തിൽ ഓർഡിനൻസ് കൂടി ഉൾപ്പെടുന്നുണ്ട്. ഓർഡിനൻസ് ജൂലൈ 19-ാം തീയതി ലാപ്സായ സാഹചര്യത്തിൽ ചട്ടങ്ങൾക്കും ആ ദിവസം വരെ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. ബില്ലിലെ 19-ാം ഖണ്ഡത്തിനു പകരമായി ഒരു സാധൂകരണ വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ബിൽ പാസ്സാക്കിയെടുക്കാവുന്നതാണെന്ന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ഇതിനു മുമ്പും ഇപ്രകാരം നിയമസഭയിൽ ചെയ്തിട്ടുള്ളതിനാലും ഇക്കാര്യത്തിൽ ക്രമവിരുദ്ധമായി യാതൊന്നുമില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

**ധനകാര്യം**

## <u>2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

(684,46,61,000 രൂപ )

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വുകപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വ്യവസായങ്ങൾ എന്ന XXXVII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

ഡോ. കെ.ടി. ജലീൽ: വ്യക്തിപരമായ ആക്ഷേപങ്ങളാണ് ഭരണപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലെ ശ്രീ. കെ. എം. ഷാജി എന്നെക്കുറിച്ച് പറഞ്ഞ പരാമർശങ്ങൾക്ക് വിശദീകരണം നൽകാനാണ് ഇന്ന് ഞാൻ ചർച്ചയിൽ പങ്കെടുക്കുന്നത്. ജമാ-അത്തെ ഇസ്ലാമിയിൽ ജനിക്കുകയും സിമിയിൽ പ്രവർത്തിക്കുകയും ചെയ്തു എന്ന് ആക്ഷേപിക്കുന്ന എനിക്ക്, മുസ്ലിം ലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി, മുസ്ലിം യൂത്ത് ലീഗിന്റെ അഖിലേന്ത്യാ കൺവീനർ, മുസ്ലിം ലീഗ് പ്രഥമ ജില്ലാ കൗൺസിലിന്റെ ഔദ്യോഗിക സ്ഥാനാർത്ഥി, മലപ്പുറം ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നീ സ്ഥാനങ്ങൾ നൽകിയ മുസ്ലിം ലീഗ് ഒരു പൊളിറ്റിക്കൽ ഏജന്റിന്റെ പണിയാണോ

നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കണം. മുസ്ലിം ലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറിയായിരുന്ന ശ്രീ. എം. പി. അബ്ദു സമദ് സമദാനിയും ഞാനും നിയമാനുസൃതമുള്ള ഒരു സംഘടനയിൽ പ്രവർത്തിക്കുകയും അതിന്റെ വീക്ഷണങ്ങളോട് വിയോജിപ്പ് തോന്നിയപ്പോൾ അതിൽനിന്ന് മാറി മതനിരപേക്ഷതയുടെ വഴി സ്വീകരിക്കുകയും ചെയ്തു. കരിമണൽ ഖനനം സർക്കാർ നിയന്ത്രണത്തിലാക്കണമെന്നും എക്സ്പ്രസ്സ് ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനായി ഒഴിപ്പിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കണമെന്നും ഗുജറാത്തിലെ കലാപബാധിതർക്കുവേണ്ടി പിരിച്ച ഫണ്ടും സുനാമി ഫണ്ടും സമയബന്ധിതമായി നൽകണമെന്നും ലീഗിന്റെ സംസ്ഥാന കമ്മിറ്റിയിൽ അവതരിപ്പിച്ചതിനെത്തുടർന്നാണ് എന്നെ ലീഗിൽനിന്നും പുറത്താക്കിയത്.

<u>ശ്രീ. എം. പി. വിൻസെന്റ്:</u> ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. വ്യാവസായികമേഖലയെ ശക്തിപ്പെടുത്തുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള നയസമീപനങ്ങളെ സ്വാഗതം ചെയ്യുന്നു. ചെറുകിട ക്ലസ്റ്റർ വികസനപദ്ധതിയുടെ ഭാഗമായി പൊതുസൗകര്യ സേവനകേന്ദ്രങ്ങൾ തുടങ്ങുന്നതിനും ഖാദി-കൈത്തറി-കയർ തുടങ്ങിയ പരമ്പരാഗതമേഖലകളെ സംരക്ഷിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കമ്പനികളെ

നിലനിർത്തുന്നതിനും വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വനിതകളെയും യുവജനങ്ങളെയും വ്യാവസായിക രംഗത്തേയ്ക്ക് ആകർഷിക്കുംവിധം പദ്ധതികൾ ആവിഷ്ക്കരിച്ചു. പ്രധാനപ്പെട്ട കമ്പനികളെ നിലനിർത്തുവാനുള്ള സമീപനം സ്വീകരിച്ചതും ഐ.റ്റി. രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് സാധിച്ചതും സ്വാഗതാർഹമാണ്. 'ചലഞ്ച് ഫോർ ഇന്നൊവേഷൻ', 'എമർജിംഗ് കേരള' എന്നീ പദ്ധതികൾ ആരംഭിച്ചത് അഭിനന്ദനാർഹമാണ്. ഐ.ടി വിവരസാങ്കേതിക രംഗങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. ഖാദി മേഖലയെ ശക്തിപ്പെടുത്താനും സംരക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണം. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരിസ്ഥിതിപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിൽ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കപ്പെടുകയോ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കുകയോ ചെയ്യുന്നില്ല.

പരമ്പരാഗതവ്യവസായമേഖലകളെ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ധാതുനിക്ഷേപം ഫലപ്രദമായി ഖനനം ചെയ്ത് വിനിയോഗിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എഫ്.എ.സി.റ്റി. പോലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള ഇടപെടൽ നടത്തുന്നില്ല. കപ്പൽ നിർമ്മാണ കേന്ദ്രം, കൊച്ചി തുറമുഖം എന്നിവയ്ക്കാവശ്യമായ നിക്ഷേപം ലഭ്യമാക്കുന്നതിൽ പരാജയമാണ്. പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴ വാഗൺ ഫാക്ടറി, പാപ്പനംകോട് റിപ്പയർ യാർഡ് എന്നിവ യാഥാർത്ഥ്യമാക്കാനുള്ള ഒരു ശ്രമവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. കശുവണ്ടി വികസന കോർപ്പറേഷന്റെ അടച്ചിട്ടിരിക്കുന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാനും തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കണം. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി പ്രകാരമുള്ള മുഴുവൻ ഫണ്ടും നേടിയെടുക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തണം. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുമേഖലാ

സ്ഥാപനങ്ങളെ അവഗണിക്കുന്ന സമീപനം അവസാനിപ്പിക്കണം. സ്പിന്നിംഗ് മില്ലുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. 2014-15 ബഡ്ജറ്റിൽ അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. ഐ.റ്റി. മേഖലയിൽ നടക്കുന്ന പ്രാകൃതമായ തൊഴിൽ നയം സർക്കാർ കണ്ടില്ലെന്ന് നടിക്കരുത്.

<u>ശ്രീ. സി. മോയിൻകുട്ടി</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിവിധ ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് സമസ്ത മേഖലകളിലും അത്ഭുതകരമായ നേട്ടങ്ങളുണ്ടാക്കാൻ സർക്കാരിന് സാധിച്ചു. കേരളത്തിന്റെ വികസനത്തിന് ഊന്നൽ നൽകുന്ന മെഗാപദ്ധതികൾ നടപ്പിലാക്കാനുള്ള ആത്മാർത്ഥ ശ്രമത്തെ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുകയാണ്. യുവതലമുറയ്ക്ക് പ്രതീക്ഷനൽകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഐ.റ്റി. രംഗത്ത് ബഹുദൂരം മുന്നോട്ടുപോകാനും കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും എമർജിംഗ് കേരള പദ്ധതിവഴി സംസ്ഥാനത്തിന്റെ നിക്ഷേപ സാധ്യത വളർത്താനും കഴിഞ്ഞു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ജില്ലാ/താലൂക്ക്/പഞ്ചായത്ത് തലങ്ങളിൽ സംരംഭകർക്കുവേണ്ടി നടത്തുന്ന ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനങ്ങളും സ്വാഗതാർഹമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, സ്ത്രീ സംരംഭകർ

എന്നിവരെ വ്യാവസായിക രംഗത്തേയ്ക്ക് കൊണ്ടുവരാനാവശ്യമായ പിന്തുണയും സാമ്പത്തിക സഹായവും നൽകിയ നടപടി ആശ്വാസകരമാണ്. റബ്ബർ അധിഷ്ഠിത വ്യവസായ രംഗത്തെ അനന്തമായ സാധ്യതകൾ ഉപയോഗപ്പെടുത്താനും റബ്ബർ കർഷകരെ സംരക്ഷിക്കാനും കഴിയണം. റെഡിമെയ്ഡ് വ്യവസായം, ജൈവ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വ്യവസായം, ഭക്ഷ്യസംസ്കരണ വ്യവസായം എന്നിവയ്ക്ക് നൽകിയ പരിഗണന സ്വാഗതാർഹമാണ്. സാങ്കേതിക-സാമ്പത്തിക മേഖലയിൽ കെ.എസ്.ഐ.ഡി.സി. നൽകുന്ന സേവനം ശ്ലാഘനീയമാണ്. ദശലക്ഷണക്കണക്കിന് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും ഇ-ഗവേണൻസിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാനും മികവുറ്റ ഡിജിറ്റൽ സംസ്ഥാനമായി മാറാനും കേരളത്തിന് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. ചെറുകിട വ്യവസായ സംരംഭങ്ങളെ സംരക്ഷിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഗൗരവതരമായ ഇടപെടലുണ്ടാകണം. സുതാര്യമായ നടപടികളിലൂടെ അഞ്ച് ലക്ഷം രൂപയിലധികമുള്ള എല്ലാ പർച്ചേസുകളും റവന്യൂ സർട്ടിഫിക്കറ്റുകളും ഓൺ-ലൈനാക്കിയതിലൂടെയും അക്ഷയ പദ്ധതിയുടെ സഹായം ലഭ്യമാക്കിയതിലൂടെയും സർക്കാരും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുന്നതിന്

കഴിഞ്ഞിട്ടുണ്ട്. ഐ.ടി. മേഖലയിലെ തൊഴിൽ സാധ്യതകൾ ഗണ്യമായി വർദ്ധിപ്പിക്കാനും യുവസംരംഭക മിഷൻ, യുവാക്കളുടെ സ്വപ്ന പദ്ധതിയായ സ്റ്റാർട്ട് അപ് വില്ലേജുകൾ, വനിതാ സംരംഭക മിഷൻ എന്നിവയെല്ലാം സംഘടിപ്പിക്കാനും കഴിഞ്ഞത് വികസനപാതയിലെ പുതിയൊരു അദ്ധ്യായമാണ്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും ഒട്ടേറെ പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനും കഴിഞ്ഞ നടപടി ആശാവഹമാണ്. വഖഫ് ബോർഡിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാനും വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. കരിപ്പൂർ ഹജ്ജ് ഹൗസ് അനുബന്ധ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കണം. പാറ, ക്വാറി ഖനനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പ്രായോഗിക സമീപനം സ്വീകരിച്ച് മുന്നോട്ടുപോകണം. പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിൽനിന്നും കരകയറ്റുന്നതിനും സംരക്ഷിച്ചുനിലനിർത്തുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സംസ്ഥാനത്തിന്റെ അടിസ്ഥാന പ്രശ്നം വ്യാവസായിക-സാമ്പത്തിക രംഗങ്ങൾ നേരിടുന്ന പ്രതിസന്ധിയാണ്. ആളോഹരി

കടവും മൊത്തം കടവും ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. അങ്കമാലി നിയോജകമണ്ഡലത്തിലെ ടെൽക്ക്, ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ ഉല്പാദനം കുറയുകയും ഓർഡറുകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഗവൺമെന്റ് നടത്തുന്ന വിവിധ സംരംഭക മിഷനുകളുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയണം. ക്വാറികളും ക്രഷറുകളും ഉയർത്തുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സ്മാർട്ട്സിറ്റിയുമായി ബന്ധപ്പെട്ട് ഇതുവരെ ഒരു കെട്ടിടം പോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പരമ്പരാഗത വ്യവസായങ്ങളും പൊതുമേഖലാ വ്യവസായങ്ങളും തകർച്ചയെ നേരിടുകയാണ്. ഭക്ഷ്യസംസ്കരണ രംഗം പരിപോഷിപ്പിക്കപ്പെടുന്നില്ല. നമ്മുടെ തനത് ഫലമായ ചക്ക സംസ്കരണം പ്രോത്സാഹിപ്പിക്കാൻ യാതൊരു നടപടിയുമില്ല. വികസന പ്രവർത്തനങ്ങളിൽ ഊർജ്ജിതമായ ഇടപെടൽ നടത്താൻ ഗവൺമെന്റ് തയ്യാറാകണം.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) :ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ വ്യവസായ ചരിത്രത്തിൽ സുവർണ്ണ നേട്ടം കൈവരിക്കാൻ സാധിച്ച

വ്യവസായ വകുപ്പിന് നേതൃത്വം കൊടുക്കുന്ന വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. പെട്രോളിയം കെമിക്കൽസ് ശൃംഖലയുൾപ്പെടെ വൻസംരംഭങ്ങൾ പടുത്തുയർത്താനുള്ള നീക്കവുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. നടപടിക്രമങ്ങളുടെ നൂലാമാലകൾ ഒഴിവാക്കുന്നതിനായി ഓൺ ലൈൻ രജിസ്ട്രേഷൻ സംവിധാനവും ഏകജാലക സംവിധാനവും നടപ്പിലാക്കി. വ്യവസായ വികസനത്തിന് സ്വകാര്യ പങ്കാളിത്തം സ്വീകരിക്കുന്ന നയസമീപനം സ്വീകരിച്ചു. സംരംഭകത്വ പ്രോത്സാഹനത്തിനായി ബിസിനസ് ടു ബിസിനസ് മീറ്റ് നടത്തിക്കൊണ്ട് എൻ. ആർ. ഐ. ക്കാരടക്കമുള്ള സംരംഭകർക്ക് ബിസിനസ് നടത്താനുള്ള പദ്ധതിക്ക് രൂപം നൽകി. യുവ പങ്കാളിത്തത്തിന്റെ കരുത്തിൽ ചെറുകിട വ്യവസായ രംഗത്ത് 12 ശതമാനം വളർച്ചയുണ്ടായി. സ്റ്റാർട്ട് അപ് പ്രോത്സാഹന പദ്ധതിയിലൂടെ യുവസംരംഭകരെ ആകർഷിക്കാനും വനിതാ സംരംഭക രംഗത്ത് ഒട്ടേറെ നൂതന പരിപാടികൾ നടപ്പിലാക്കാനും സാധിച്ചു. കൈത്തറി ടെക്സ്റ്റയിൽ വ്യവസായ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. മെഗാഫുഡ് പാർക്കുകൾ, റൂറൽ അപ്പാരൽ പാർക്കുകൾ, ടെലികോം ഇൻകുബേറ്ററുകൾ, ഹൈടെക് പാർക്ക് മുതലവായവയിലൂടെ വ്യവസായ രംഗത്ത് നിരവധി പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കാൻ സാധിച്ചു. കണ്ണൂർ വിമാനാത്താവളം പൂർത്തിയായി, മെട്രോ റെയിൽ പദ്ധതി ദ്രുതഗതിയിൽ

പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാകാൻ പോകുന്നു.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: കഴിഞ്ഞ നാലുവർഷക്കാലത്തെ യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണനേട്ടങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്താൻ തയ്യാറാകണം. ഈ ഗവൺമെന്റിന്റെ ഭരണത്തിൻകീഴിൽ വ്യവസായ വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങളും നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. നാടിനെ വ്യവസായ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനോ വ്യവസായത്തിനാവശ്യമായ ഊർജ്ജോല്പാദനം നടത്തുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കോഴിക്കോട് സൈബർ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച്, നിലവിലുള്ള ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ച് പുതിയ ഐ.റ്റി. കമ്പനികളെ കൊണ്ടുവരാനും അവിടം ഐ.റ്റി ഡെസ്റ്റിനേഷനാക്കി മാറ്റാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. ലോകത്തെ ഏറ്റവും വലിയ ഐ.റ്റി. രാജ്യമാക്കി ഇന്ത്യയെ മാറ്റുന്നതോടൊപ്പം കമ്പ്യൂട്ടർ പരിജ്ഞാനം നേടിയ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അന്യരാജ്യങ്ങളിൽ

കേന്ദ്രീകരിക്കപ്പെടുന്ന മാനവവിഭവശേഷി കേരളത്തിൽ പ്രയോജനപ്പെടുന്ന വിധത്തിലുള്ള സംരംഭങ്ങൾ ആവിഷ്കരിക്കണം. ഐ. റ്റി. മേഖലയുടെ വികസനത്തിനായി എമർജിംഗ് കേരളയിലൂടെ കേരളത്തിലെ ക്യാമ്പസുകളിൽ നിന്നും പുതുതലമുറയിൽപ്പെട്ട സംരംഭകരെ കണ്ടെത്തുന്നതും യുവസംരംഭകർക്ക് ഐ.റ്റി.മേഖലയിൽ അവസരം നൽകുന്നതിനായി സ്റ്റാർട്ട് അപ് വില്ലേജിന് രൂപംകൊടുത്തതും അഭിമാനാർഹമായ കാര്യങ്ങളാണ്. ജോബ് ക്രിയേഷനുവേണ്ടിയുള്ള പുതിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾക്ക് പിന്തുണ നൽകണം. ടെക്നോപാർക്ക് വഴിയും ഇൻഫോപാർക്ക് വഴിയും വൻതോതിലുള്ള കയറ്റുമതിയും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി സാധാരണക്കാരനിൽ ടെക്നോളജിയുടെ ഗുണഫലങ്ങൾ എത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും അതിന് ഐ.റ്റി. ഡിപ്പാർട്ടുമെന്റ് നേതൃത്വം നൽകുകയും വേണം.

<u>ശ്രീ. സി. കൃഷ്ണൻ:</u> കശുവണ്ടി, കൈത്തറി, ബീഡി, ഖാദി തുടങ്ങിയ മേഖലകൾ ഇന്ന് പ്രതിസന്ധിയിലാണ്. ബീഡി വ്യവസായത്തെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനും കുടിശ്ശികയായ ആശ്വാസ പെൻഷൻ നൽകുന്നതിനും കൈത്തറി-ഖാദി മേഖല നേരിടുന്ന വെല്ലുവിളി പരിഹരിക്കുന്നതിനും

ഈ മേഖലയിലെ തൊഴിലാളികൾക്ക് റിബേറ്റ് കുടിശ്ശിക നൽകുന്നതിനുമുള്ള നടപടിയുണ്ടാകണം. കണ്ണൂർ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കണം. പുതിയ വ്യവസായം തുടങ്ങാൻ മുന്നോട്ടുവരുന്ന സംരംഭകർക്കാവശ്യമായ വൈദ്യുതി കണക്ഷനും അസംസ്കൃത വസ്തുക്കളും ലഭ്യമാക്കാൻ നടപടിയുണ്ടാകണം.

ശ്രീ. വി. ഡി. സതീശൻ: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ അഴിമതി വിമുക്തമാക്കാനുള്ള പരിശ്രമം നടത്തിയ വ്യവസായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. കൃത്യമായ ഓഡിറ്റിംഗിലൂടെയും ഇ-ടെൻഡർ, ഇ-പേമെന്റ് സംവിധാനങ്ങളിലൂടെയും സുഗമമായ രീതിയിൽ പ്രവർത്തിക്കുന്നതിന് വ്യവസായ വകുപ്പിന് സാധിച്ചിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന വ്യവസായങ്ങളൊന്നും കേരളത്തിൽ വേണ്ടെന്നുള്ള നിലപാട് സ്വാഗതാർഹമാണ്. ഐ.ടി. മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ചും പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തിയുമുള്ള മുൻഗണനാക്രമം കേരളത്തിന്റെ വ്യവസായ വികസനത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഭക്ഷ്യസംസ്കരണ പദ്ധതികൾ, വിജ്ഞാനാധിഷ്ഠിത വ്യവസായം, സർവ്വീസ് ഇൻഡസ്ട്രി തുടങ്ങിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ വ്യവസായ വികസന

നയത്തിന് സാധിക്കണം. യുവശക്തിയെ കർമ്മനിരതമാക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് വൈദഗ്ദ്ധ്യമുള്ള മനുഷ്യശക്തിയെ ലഭ്യമാക്കാൻ കഴിയുന്ന തരത്തിലുള്ള ടെക്നിക്കൽ ടാലന്റ് ബാങ്ക് സംസ്ഥാനത്ത് രൂപീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെ പുന:സംഘടിപ്പിച്ച് കാലഘട്ടത്തിനനുസരിച്ച് പ്രവർത്തനക്ഷമമാക്കാനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. സാങ്കേതികവിദ്യ കൊണ്ടും പ്രൊഫഷണലിസം കൊണ്ടും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ മികവുറ്റതാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണം. കേരള മാനേജ്മെന്റ് കേഡർ രൂപീകരിക്കണം. മികച്ച മാനേജർമാരെയും മികച്ച ടെക്നോക്രാറ്റുകളെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിച്ച് സ്വകാര്യ സ്ഥാപനങ്ങളുമായും വൻകിടകമ്പനികളുമായും മത്സരിക്കാൻ പ്രാപ്തമാക്കണം. സംരംഭകരായി മുന്നോട്ടുവരുന്നവർക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകാൻ കഴിയണം. കശുവണ്ടി വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കണം. കയർ, കൈത്തറി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ പരിരക്ഷ നൽകാനും യന്ത്രവത്കരണം നടപ്പാക്കാനും മാർക്കറ്റിംഗിനായി പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം. പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ശ്രീ. എം. ചന്ദ്രൻ: ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന വ്യവസായ മേഖല ഇന്ന് പ്രതിസന്ധി നേരിടുകയാണ്. നിലവിലുള്ള വ്യവസായങ്ങൾ അടച്ചുപൂട്ടുകയും പുതിയ വ്യവസായങ്ങൾ ആരംഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകരമല്ലാത്ത രീതിയിലുള്ള ആഗോളവത്കരണ സാമ്പത്തിക നയമാണ് യു.ഡി.എഫ്. സർക്കാർ നടപ്പാക്കുന്നത്. സ്മാർട്ട്സിറ്റിയുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ പാലിക്കാൻ ടീകോം തയ്യാറാകാത്ത സാഹചര്യത്തിൽ നൽകിയ സ്ഥലം തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണം. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള ശക്തമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടത്തിയത്. യു.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയും നിമിത്തം ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് വൻനഷ്ടത്തിലാണ്. കൊച്ചി കപ്പൽ നിർമ്മാണശാലയെ ഗുജറാത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നീക്കം തടയണം. ഐ.ടി. മേഖലയിൽ പ്രഖ്യാപിച്ച വികസനപദ്ധതികൾ നടപ്പിലാക്കാനോ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ നിലവിലുള്ള വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനോ യാതൊരു ശ്രമവും നടത്തുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തിലെ

മുഴുവൻ ജില്ലകളെയും ഇ-ഡിസ്ട്രിക്ടുകളാക്കി മാറ്റാനും ഗ്രാമപഞ്ചായത്തുകളിൽ ജിഗാബൈറ്റ് കണക്ടിവിറ്റി ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. എമർജിംഗ് കേരളയിലൂടെ വ്യാവസായിക വികസനത്തിനുള്ള അടിത്തറ പാകാൻ സർക്കാരിന് കഴിഞ്ഞു. ഭക്ഷ്യസംസ്കരണ മേഖലയിൽ കൂടുതൽ സാധ്യതകളുണ്ടാക്കുന്നതിനും ആധുനികസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തോടൊപ്പം നിലവിലുള്ള വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തികസഹായം നൽകാനും പൊതുമേഖലയെ അഴിമതിമുക്തമാക്കാനും സ്വീകരിച്ച നടപടികൾ ശ്രദ്ധേയമാണ്. കൈത്തറി/കശുവണ്ടി തൊഴിലാളികൾക്കും മലബാർ സിമന്റ്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്കും സർവ്വീസ് വെയിറ്റേജ് പുന:സ്ഥാപിച്ച് നൽകിയ നടപടി ശ്ലാഘനീയമാണ്. ചെറുകിട/ഇടത്തര വ്യവസായ മേഖലയിലും വനിതാ സംരംഭക മിഷന്റെ പ്രവർത്തനത്തിലും അഭിമാനകരമായ വളർച്ചയും പുരോഗതിയുമുണ്ടാക്കാൻ സാധിച്ചു. മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കാനും സാമ്പത്തിക സഹായം നൽകി അട്ടപ്പാടിയിലെ ഗിരിജൻ സൊസൈറ്റിയുടെ കൈത്തറി യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിയും തൊഴിൽ സമരങ്ങൾ അവസാനിപ്പിച്ചും വ്യവസായ മേഖലയെ മുന്നോട്ടു നയിക്കാൻ സർക്കാരിന് സാധിച്ചു. ടെക്നിക്കൽ ടാലന്റ് ബാങ്ക് എന്ന ആശയം കരുപ്പിടിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കാത്ത വ്യവസായങ്ങൾക്ക് ഊന്നൽ നൽകിയതും മെച്ചപ്പെട്ട കേന്ദ്രനിക്ഷേപം നേടിയെടുത്തതും ഹാന്റ് ലൂം പാക്കേജിന് രൂപം നൽകിയതും പ്രകീർത്തിക്കപ്പെടേണ്ടതാണ്. വ്യവസായങ്ങളുടെ കേന്ദ്രമാക്കി കേരളത്തെ മാറ്റാനും നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിച്ച് ലാഭത്തിലാക്കാനും കൈത്തറി മേഖലയിൽ വാണിജ്യവത്കരണത്തിന്റെ അതിനൂതന സാദ്ധ്യതകൾ പ്രാവർത്തികമാക്കാനും സാധിച്ചു. ചിറയിൻകീഴ്, ആറാട്ടുപുഴ, വൈക്കം മേഖലകളിൽ കയർ ക്ലസ്റ്ററുകൾ രൂപീകരിക്കാനും കയർത്തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കാനും റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എളമരം കരീം: കേരളത്തിന്റെ സമ്പദ്ഘടന ഗുരുതരമായ പ്രതിസന്ധിയിലാണ്. ഉൽപാദന മേഖലയിൽ സംസ്ഥാനം വളരെ പിന്നിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗതമേഖലയെ സംരക്ഷിക്കാനാവശ്യമായ

നടപടി സ്വീകരിക്കണം. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ആധുനിക ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന പുതിയ മാതൃകകൾ വ്യവസായ പാർക്കുകളിൽ വികസിപ്പിച്ചെടുക്കുന്നതോടൊപ്പം ഉയർന്ന ഉൽപാദന വളർച്ചയിലേക്ക് രാജ്യത്തെ നയിക്കാനും കഴിയണം. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ടേൺ ഓവറിലും ലാഭത്തിലും വരുന്ന കുറവ് വിലയിരുത്തുന്നതിനും ഉല്പന്നങ്ങൾ വാങ്ങുന്നതു സംബന്ധിച്ച നിലപാടിൽ മാറ്റം വരുത്തുന്നതിനും തയ്യാറാകണം. പണി പൂർത്തീകരിച്ച കോമളപുരം സ്പിന്നിംഗ് മിൽ, പിണറായി ടെക്സ്റ്റൈൽ മിൽ, ഉദുമ ടെക്സ്റ്റെൽസ് തുടങ്ങിയവയുടെ പ്രവർത്തനം ആരംഭിക്കണം. ട്രാവൻകൂർ റയോൺസിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പാലക്കാട് കോച്ച് ഫാക്ടറി, ഗെയിൽ, ചീമേനി തുടങ്ങിയ വികസന പദ്ധതികളുടെ കാര്യത്തിൽ അഭിപ്രായ സമന്വയം ഉണ്ടാക്കണം. കൊച്ചിൻ മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്. നാം വികസിപ്പിച്ചെടുക്കുന്ന മാനവവിഭവശേഷി നമുക്കുതന്നെ പ്രയോജനകരമാകത്തക്കവിധത്തിലുള്ള ഭാവനാപൂർണ്ണമായ വികസന

പദ്ധതികളുണ്ടാകണം. ഐ.റ്റി. മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. 'സ്മാർട്ട് സിറ്റി' സ്വപ്നപദ്ധതിയായി മാറിയിരിക്കുകയാണ്. സ്റ്റാർട്ടപ്പ് വില്ലേജുകളിലൂടെ സ്വയംസംരഭകത്വ വികസനം നടപ്പിലാക്കുന്നതിനും കൂടുതൽ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. നിർമ്മാണമേഖലയിലും കയർവ്യവസായരംഗത്തുമുള്ള പ്രതിസന്ധികൾക്ക് പരിഹാരം കാണണം. റോഡ്, തുറമുഖങ്ങൾ വൈദ്യുതപദ്ധതികൾ എന്നിവപോലുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സെക്ടർ സ്വകാര്യകുത്തകകളെ ഏൽപ്പിക്കാതെ അനുയോജ്യമായ മേഖലകൾ ഫോക്കസ് ചെയ്തുകൊണ്ട് സംസ്ഥാന വളർച്ചയ്ക്കാവശ്യമായ നിലപാടുകൾ സ്വീകരിക്കണം.

(ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം ബഹിഷ്ക്കരിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ട് പുറത്തു പോയി)

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഈ സർക്കാരിന്റെ ഭരണത്തിൽ വ്യവസായ വാണിജ്യരംഗങ്ങളിൽ വിവാദങ്ങളും അഴിമതിയുമില്ലാതെ ട്രാൻസ്പാരന്റായി കൊണ്ടുപോകാൻകഴിഞ്ഞുവെന്ന് പരക്കെ അംഗീകരിച്ചതിനെ സ്വാഗതം

ചെയ്യുന്നു. പൊതുമേഖലയിലുള്ള വ്യവസായങ്ങളെ സംബന്ധിച്ച് പ്രതിപക്ഷം ഉന്നയിച്ച വിമർശനങ്ങൾ അടിസ്ഥാനരഹിതമാണ്. കെ.എം.എം.എൽ, മലബാർ സിമെന്റ്സ് പോലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ ഇപ്പോൾ ലാഭത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. എഫ്.എ.സി.ടി., എച്ച്.എം.ടി., കൊച്ചിൻ ഷിപ്പ് യാർഡ് പോലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് കിട്ടേണ്ട അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. കാഷ്യൂ കോർപ്പറേഷൻ പോലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് കൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൈത്തറി രംഗത്ത് 207 കോടി രൂപയുടെ സെൻട്രൽ റിവൈവൽ പാക്കേജ് നടപ്പാക്കി. പരമ്പരാഗത വ്യവസായ മേഖലകളുടെ വളർച്ചയ്ക്കാവശ്യമായ കേന്ദ്രസഹായം നേടിയെടുക്കുന്നിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഐ.ടി., അനുബന്ധമേഖലകളുടെ സഹായത്തോടെ ചെറുകിട വ്യവസായമേഖലയുടെ വളർച്ചാനിരക്ക് കൂട്ടുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചു. ഇന്ത്യയ്ക്ക് തന്നെ മാതൃകയാകുംവിധം കേരളത്തിൽ ഐ.ടി. രംഗം പുരോഗതി നേടിയിരിക്കുകയാണ്. സംസ്ഥാനത്ത് ഐ.ടി എക്സ്പോർട്ട് പതിനയ്യായിരം

കോടിരൂപയായി. പൊതുമേഖലയേയും പരമ്പരാഗത വ്യവസായങ്ങളെയും ശക്തിപ്പെടുത്തുന്നതോടൊപ്പംതന്നെ മാറിക്കൊണ്ടിരിക്കുന്ന ട്രെൻഡ് ഉൾക്കൊണ്ടുകൊണ്ടു സർക്കാർ പ്രവർത്തിക്കുന്നതാണ്. സ്റ്റാർട്ടപ്പ് വില്ലേജ് പദ്ധതിപോലെതന്നെ 'സ്മാർട്ട് സിറ്റി' പദ്ധതിയും സർക്കാർ ആരംഭിക്കുന്നതാണ്. സ്റ്റാർട്ട്-അപ് സംരംഭകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നകാര്യം ആലോചിക്കുന്നതാണ്. Young Entrepreneurs Submit വിജയകരമായി നടപ്പിലാക്കി വരികയാണ്. വിദ്യാഭ്യാസ വകുപ്പുമായിചേർന്ന് കാമ്പസുകളിൽ ഫാബ് ലാബ് ഉണ്ടാക്കുന്നതാണ്. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ഐ.ടി. രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾക്കുള്ള വൺ ടൈം സെറ്റിൽമെന്റിന്റെ സമയം ദീർഘിപ്പിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): ധനാഭ്യർത്ഥന ചർച്ചയിൽ കയർ മേഖലയെക്കുറിച്ച് കാര്യമായ നിർദ്ദേശങ്ങളോ വിമർശനങ്ങളോ

ഉണ്ടായിട്ടില്ല. നിലവിലുള്ള ക്ലസ്റ്ററുകൾ കൂടാതെ ഹരിപ്പാട്, കൊടുങ്ങല്ലൂർ, കണ്ണൂർ എന്നിവിടങ്ങളിൽ പുതിയതായി ക്ലസ്റ്ററുകൾ രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. കയർ വ്യവസായത്തിനാവശ്യമായ ചകിരിനാര് ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ചകിരി ദൗർലഭ്യം ശാശ്വതമായി പരിഹരിക്കുക, മിതമായ വിലയ്ക്ക് ചകിരി ലഭ്യമാക്കുക, പാഴാക്കിക്കളയുന്ന തൊണ്ട് സംഭരിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുക, നാളികേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക, കയർ ഉൽപ്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകൾ ലാഭകരമാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന പദ്ധതി കയർ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകും. തൊണ്ട് സംഭരിച്ച് എത്തിക്കുന്ന വ്യക്തികൾക്ക് തൊണ്ടിന്റെ എണ്ണം കണക്കാക്കി ഇൻസെന്റീവും കയർ സഹകരണ സംഘങ്ങൾക്ക് വാഹനവാടകയും നൽകുന്നതിനുപുറമെ ഡീഫൈബറിംഗിനുള്ള വലിയ മെഷീനുകൾ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് 50,000 രൂപയും മിനി ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് 10,000 രൂപയും പ്രതിവർഷം മെയിന്റനൻസ്

ചാർജ് നൽകുന്നതാണ്. അടിസ്ഥാന സൗകര്യമുള്ള സംഘങ്ങൾക്ക് സൗജന്യ നിരക്കിലും സ്വയം സഹായ സംഘങ്ങൾക്കും സ്വകാര്യ സംരംഭകർക്കും സബ്സിഡി നിരക്കിലും മിനി ഡീഫൈബറിംഗ് മെഷീനുകൾ നൽകുന്നതാണ്. ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നാളികേര വികസന ബോർഡുമായി സഹകരിച്ച് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്ന കയർ സംഘങ്ങൾക്ക് കൂടുതൽ ധനസഹായം നൽകുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. തൊഴിലാളികളുടെ കൂലി, പെൻഷൻ എന്നിവ ഇരട്ടിയാക്കുകയും പെൻഷൻ നൽകുന്നതിന് 144 കോടി രൂപ അനുവദിക്കുകയും അവരുടെ ബാങ്ക് അക്കൗണ്ട് വഴി ആയത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കയറുൽപ്പന്ന കയറ്റുമതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞതിനുപുറമെ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നിവയുടെ ലാഭവിഹിതം വർദ്ധിപ്പിക്കാനും സഞ്ചിത നഷ്ടം കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾക്ക് പി.പി.എസ്. പദ്ധതി പ്രകാരം 3 ശതമാനം ഇൻസെന്റീവും 5 ശതമാനം എം.ഡി.എ.-യും അനുവദിച്ചു. സഹകരണ സംഘം ജീവനക്കാരുടെ സേവനവേതന

വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കാനും 'കയർ കേരള' സംഘടിപ്പിക്കുകവഴി വിദേശ ആഭ്യന്തര വിപണി ശക്തമാക്കാനും സാധിച്ചു. കയർത്തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുതകുന്ന ആധുനികയന്ത്രങ്ങളും ചരിവുള്ള പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിനും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സാധ്യമാകുന്ന കയർ ജിയോ സെല്ലും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിലെ ഡിസൈനേഴ്സുമായി ചേർന്ന് ശബ്ദ നിയന്ത്രണത്തിനുള്ള കയറുൽപ്പന്നവും എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ വാണിജ്യവൽക്കരണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. കയറിന്റേയും കയർ ഉല്പന്നങ്ങളുടേയും ഓൺലൈൻ വിപണന സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. കയർ മേഖലയുടെ ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനും ഉപയുക്തമാകുന്ന പുതിയ ആശയങ്ങളും ഉല്പന്നങ്ങളും സാങ്കേതിക വിദ്യകളും വികസിപ്പിച്ചെടുക്കുന്നതിന് വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇൻക്യൂബേഷൻ സെൽ എൻ.സി.ആർ.എം.ഐ.യിൽ ആരംഭിക്കുന്നതാണ്. ഇൻകം

സപ്പോർട്ട് സ്കീം പ്രകാരം പ്രതിദിന വേതനമായി 110-120 രൂപ നിരക്കിൽ 49 കോടി രൂപ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. കയർഫെഡിന്റെ 80 കോടി രൂപയുടെ കടബാധ്യത തീർക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്. കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നാല്പത് കോടി രൂപയുടെ ഫാക്ടറി സമുച്ചയം 2015 ആഗസ്റ്റ് 19-ാം തീയതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. 25 കോടി രൂപ മുതൽമുടക്കി ആലപ്പുഴയിലെ കയർ മെഷീനറി ഫാക്ടറി ഉല്പാദനക്ഷമമാക്കുകയും എൻ.സി.ആർ.എം.ഐ. രൂപകൽപ്പന ചെയ്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരികയുമാണ്. 5700 ഇലക്ട്രോണിക് റാട്ടുകൾ ഉല്പാദിപ്പിക്കുകയും സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ 16 കോടി രൂപ മുതൽ മുടക്കി ആധുനിക രീതിയിലുള്ള പി.വി.സി. ടഫ്റ്റഡ് ഫാക്ടറി സ്ഥാപിക്കുന്നതാണ്. കയർ മേഖലയുടെ വികസനവും സംരക്ഷണവും ലക്ഷ്യമാക്കി മലബാർ മേഖലയിൽ അനുവദിച്ച പ്രോജക്ടുകൾ നടപ്പിലാക്കുകയും ചിറയിൻകീഴ് മേഖലയിൽ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. കയർ തൊഴിലാളികളുടെ

അദ്ധ്വാനഭാരം കുറച്ചും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും ജീവിത നിലവാരം മെച്ചപ്പെടുത്തിയും കൂടുതൽ തൊഴിലും വേതനവും ലഭ്യമാക്കുന്നതിനുള്ള വിവിധ തരം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. കയർ മേഖലയിൽ നിലനിന്നിരുന്ന പരാധീനതകൾ പരിഹരിച്ച് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ഖാദി ഗ്രാമവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നേതൃത്വം കൊടുക്കുന്നതിനുംവേണ്ടി രൂപീകരിച്ച കേന്ദ്ര ഖാദി കമ്മീഷൻ ഇപ്പോൾ നിലവിലില്ല. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഖാദി വ്യവസായത്തെ നിലനിർത്താൻ ശ്രമിച്ചുവരികയാണ്. ഇന്ത്യയിൽ കേരളം മാത്രം ഖാദിക്ക് റിബേറ്റ് നൽകുന്നതുകൊണ്ടാണ് ഖാദി വ്യവസായം ഇവിടെ നല്ല രീതിയിൽ നിലനിൽക്കുന്നത്. ഖാദിയുടെ വിൽപ്പനയ്ക്ക് ആനുപാതികമായി ഉല്പാദനം വർദ്ധിക്കുന്നില്ല. ആധുനിക ഉല്പാദന സാമഗ്രികളുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. പഴയരീതിയിലുള്ള തറിയും ചർക്കയുമൊക്കെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം 120 കോടി രൂപയുടെ പ്രോജക്ടിന് ഗവൺമെന്റ് അംഗീകാരം നൽകുകയും ആദ്യഘട്ടമായി 2014-15

വർഷത്തിൽ പതിനാലര കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിന് പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ചർക്കകളും തറികളും അത്യാവശ്യമായതിനാൽ പവർ ഉപയോഗിച്ച് ഉല്പാദനം നടത്താമെന്ന നിർദ്ദേശം കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. ഖാദി ഉല്പാദനവുമായി ബന്ധപ്പെട്ട എം.ഡി.എ. നൽകാൻ ഖാദി കമ്മീഷൻ തയ്യാറാകുന്നില്ല. ഖാദി സ്ഥാപനങ്ങൾ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടിലാണ്. തൊഴിലാളികൾക്ക് മിനിമം കൂലി നൽകുകയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. ഖാദി മേഖലയിൽ പുതിയതായി മൂവായിരത്തോളം ആളുകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ ഖാദിമേഖലയെ സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റുകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.43-ന് പിരിഞ്ഞു.

***************